Rs. 20/-

Keraleeyam
2008 May

Registered KL/CR/TCR/353/2006-08
Licence No. KL/TCR/WPP-18/2006-2008
Licenced to post without prepayment
Posted at Thrissur RMS/2 on 20&21/5/2008



# രോഗികൾക്ക് ഇനി പെപ്സിയുടെ 'പോഷകാഹാരം'

ന്യൂഡൽഹി: ബഹുരാഷ്ട്ര കുത്തകയായ പെപ്സിയുടെ ലഘുപലഹാരങ്ങൾ ഇന്ത്യയിലെ ഡോക്ടർമാർ തങ്ങളുടെ കുറിപ്പടിയിൽ കയറ്റി ഇന്ത്യക്കാരെ തീറ്റും. മരുന്ന് എന്ന വ്യാജേന ഏതാനും പെപ്സി ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കാനും രോഗികൾക്ക് നിർദ്ദേശിക്കാനുമുള്ള കരാറിൽ പെപ്സിയുമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) ഒപ്പിട്ടു. ഡോക്ടർമാരുടെ തൊഴിൽ, സദാചാര സംരക്ഷണത്തിനായുള്ള സംഘടനയാണ് ഐ. എം.എ. രാജ്യത്തെ ഒന്നേമുക്കാൽ ലക്ഷം ഡോക്ടർമാരും ഇതിൽ അംഗങ്ങളാണ്. ലോകത്തിലാദ്യമായാണ് ഒരു പ്രത്യേക കമ്പനിയുമായി അവരുടെ ഉൽപന്നങ്ങൾ പ്രോൽസാഹിപ്പിക്കാൻ ഡോക്ടർമാരുടെ സംഘടന കരാറുണ്ടാക്കുന്നത്. ഇത്തരത്തിൽ ഒരു പ്രത്യേക ഉൽപന്നം മാത്രം ശിപാർശ ചെയ്യുന്നത് വൈദ്യശാസ്ത്ര ധാർമികതക്ക് വിരുദ്ധമാണ്.

പാക്കറ്റിലാക്കിയ ലഘുഭക്ഷണങ്ങളും പാനീയങ്ങളും നിർമിച്ച് വിതരണം ചെയ്യുന്ന പെപ്സിയുടെ സ്നാക്സ് വിഭാഗമായ 'ഫ്രിട്ടോലെ ഇന്ത്യ' കമ്പനിയുമായാണ് ഐ.എം.എ മൂന്നുവർഷത്തെ ധാരണാപത്രം ഉണ്ടാക്കിയിരിക്കുന്നത്. രോഗികളെ ചൂഷണം ചെയ്യുന്ന കരാറിൽനിന്ന് ഐ.എം.എ പിൻമാറണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി അൻപുമണി രാമദാസ് അടക്കമുള്ളവർ ആവശ്യപ്പെട്ടിട്ടുണ്ട്. കരാറിനെതിരെ ഡോക്ടർമാർക്കിടയിൽ തന്നെ പ്രതിഷേധം ഉയർന്നിട്ടുണ്ട്.

അമേരിക്കയിലെ ഫ്ളോറിഡയിൽ പ്രവർത്തിക്കുന്ന പെപ്സിയുടെ പഴച്ചാർ നിർമാണ കമ്പനിയായ ട്രോപ്പിക്കാന, ചിക്കാഗോയിൽ പ്രവർത്തിക്കുന്ന പ്രഭാതഭക്ഷണ ഉൽപന്ന കമ്പനിയായ ക്വാക്കർ ഓട്ട്സ് എന്നിവയുടെ ഉൽപന്നങ്ങൾ ഇന്ത്യയിൽ വിതരണം ചെയ്യുന്നത് പെപ്സിയുടെ ഇന്ത്യൻ ലഘുഭക്ഷണ കമ്പനിയായ 'ഫ്രിട്ടോലെ'യാണ്. ഫ്രിട്ടോലെ ഇന്ത്യയുമായി ഐ.എം.എ ഒപ്പിട്ട കരാർ അനുസരിച്ച് ഇനി ട്രോപ്പിക്കാന ജ്യൂസ്, ക്വാക്കർ ഓട്ട്സ് ധാന്യം എന്നിവയുടെ പരസ്യത്തിൽ ഐ.എം.എ അംഗീകരിച്ചത് എന്ന വാചകം ഉൾപ്പെടുത്തും. ഒപ്പം ഡോക്ടർമാർ പൊതുജനങ്ങൾക്കിടയിലും രോഗികൾക്കിടയിലും ഈ പെപ്സി ഉൽപന്നങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കും.

ഐ. എം. എ നേരത്തെ റെക്കിറ്റ് ബെൻകിസർ കമ്പനിയുടെ ഡെറ്റോൾ സോപ്പ്, പ്രോക്റ്റർ ആന്റ് ഗാംബിളിന്റെ പാംബർ ഡയപ്പർ, യുറേക്കാ ഫോർബ്സിന്റെ ജലശുദ്ധീകരണ ഉപകരണം എന്നിവ പ്രോൽസാഹിപ്പിക്കാനുള്ള കരാറിൽ ഏർപ്പെട്ടിരുന്നത് വിവാദമായിരുന്നു.

ഒരു കമ്പനിയുടെ ഭക്ഷ്യ ഉൽപന്നങ്ങൾ നിർദേശിക്കാൻ ഐ.എം.എ കരാർ ഉണ്ടാക്കുന്നത് ആദ്യമാണ്. പെപ്സി കമ്പനിയുടെ പാനീയങ്ങൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി വ്യാപക പരാതി ഉയരുകയും ഇന്ത്യയിലെ ശീതളപാനീയ വിൽപന ഗണ്യമായി കുറയുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ലഘുഭക്ഷണ വിൽപനയിലും പഴച്ചാർ വിൽപനയിലും ഇന്ത്യയിൽ കുടുതലായി ശ്രദ്ധിക്കാൻ കമ്പനി തീരുമാനിച്ചിരുന്നു. സിനിമ, ക്രിക്കറ്റ് താരങ്ങൾക്ക് വൻതുക നൽകി ഫ്രിട്ടോലേ പരസ്യങ്ങൾ നൽകിയെങ്കിലും വേണ്ടത്ര ഫലം ചെയ്തില്ല. തുടർന്നാണ് ഡോക്ടർമാരുടെ സഹായത്തോടെ വിൽപന ശക്തമാക്കാൻ പെപ്സി തീരുമാനിച്ചത്.

ഇപ്പോൾ ഇന്ത്യയിലെ പാക്കറ്റ് ചിപ്സ് വിപണിയുടെ 45 ശതമാനമാണ് ഫ്രിട്ടോലെയുടെ പക്കലാണ്. ട്രോപ്പിക്കാന, ക്വാക്കർ ഓട്ട്സ് ഉൽപന്നങ്ങൾ ആരോഗ്യത്തിന് ഉത്തമമാണെന്ന് തെളിഞ്ഞതിനെ തുടർന്നാണ് കരാർ ഒപ്പിട്ടതെന്ന് ഐ.എം.എ പ്രതിനിധി ഡോ. അജയ്കുമാർ അറിയിച്ചു. പെപ്സിയിൽനിന്ന് പണമൊന്നും സ്വീകരിക്കാതെയാണ് കരാറിൽ ഏർപ്പെട്ടതെന്നും ഐ.എം.എ. വിശദീകരിക്കുന്നു. എന്നാൽ, ഐ.എം.എ യെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങലിൽ സെമിനാറുകളും യോഗങ്ങളും ശിൽപശാലകളും സംഘടിപ്പിക്കാൻ പെപ്സി സഹായിക്കുമെന്ന് കമ്പനി വക്താവ് അറിയിച്ചു.

## കേരളീയത വിചാരണ ചെയ്യപ്പെടുമ്പോൾ അഥവാ മലയാളിക്ക് ഇതിലെന്ത്? കേരളീയം പ്രത്യേക പതിപ്പ്

ഗസ്റ്റ് എഡിറ്റർ : ഡോ. പി. രഞ്ജിത്

**അര നൂറ്റാണ്ടു** പിന്നിട്ട കേരളത്തിൽ വളരെ കുറച്ചുമാത്രം ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ് കേരളത്തിന്റെ ദേശീയ സംസ്കാരം അഥവാ കേരളീയത. വിദേശികൾക്ക് വർണചിത്രങ്ങളും കസർത്തുവാചകങ്ങളുമായി അച്ചടിച്ചു നൽകുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന സർക്കാർ ആഖ്യാനം സാധാരണക്കാരനും അംഗീകരിച്ചു കഴിയുമ്പോൾ കേരളീയതയുടെ സമവാക്യമായി.

20–ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മലയാളി രൂപം കൊടുത്തുതുടങ്ങിയ ഈ ഭാഷാ ദേശീയത, കേരളമെന്ന ഭൂമിശാസ്ത്രപ്രദേശത്ത് ഇന്ന് അതിജീവിക്കുന്ന എല്ലാ സാമൂഹ്യവിഭാഗക്കാർക്കും തുല്യമായ പ്രാതിനിധ്യമുള്ളതാണോ? പുരുഷന്മാർ നിരന്തരമായി ആഖ്യാനം ചെയ്തെടുത്ത കേരളീയതയിൽ മുണ്ടും വേഷ്ടിയും ധരിച്ച് നിലവിളക്കു പിടിക്കുവാനോ കൈകൊട്ടിക്കളി കളിക്കാനോ മാത്രമാണോ സ്ത്രീകളുടെ നിയോഗം? ആദിവാസികളുടേയും ദളിതരുടേയും സ്വന്തമായ ഭാഷകളും മറ്റ് സാസ്കാരിക ബിംബങ്ങളും എത്രത്തോളം കേളീയതയിൽ ലയിച്ചു ചേർത്തിട്ടുണ്ട്?

ലോകത്തെല്ലായിടത്തും മുതലാളിത്ത ആധുനികതയുടെ കൂടപ്പിറപ്പായ ഭാഷാദേശീയതയും ചോദ്യം ചെയ്പ്പെടുന്നുണ്ട്. നവസാമൂഹ്യ പ്രസ്ഥാനങ്ങളുമായി ബന്ധമുള്ള പലർക്കും ഇപ്പോഴും ഭാഷാടിസ്ഥാനത്തിലുള്ള ദേശീയ സംസ്കാരം ചോദ്യം ചെയ്യപ്പെടാനാവാത്ത 'സത്യം' ആണ്. എന്നാൽ പരിസ്ഥിത–ദളിത്–ന്യൂനപക്ഷ പ്രവർത്തനങ്ങളിലെല്ലാം കേരളീയതയുടം ഒരു ചോദ്യം ചെയ്യൽ അടങ്ങിയിട്ടുണ്ട് എന്നത് അവർ പലപ്പോഴും തിരിച്ചറിയാറില്ല.

വിവിധതലങ്ങളിൽ, വ്യത്യസ്ത വീക്ഷണകോണുകളിൽനിന്ന് ഇന്നത്തെ മലയാളിയുടെ അഹംബോധത്തെ ചോദ്യംചെയ്യുന്ന അന്വേഷണങ്ങൾ ക്ഷണിക്കുന്നു.

*ബന്ധങ്ങൾക്ക് : 9846237861, 9446576943*
*e-mail : robinkeraleeyam@gmail.com*

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com